**പത്രക്കുറിപ്പ്**

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

25.08. 2020

# കുട്ടിയെ മദ്യം കുടിപ്പിച്ചെന്ന പരാതിയിൽ പിതൃസഹോദരിക്കെതിരേ കേസെടുത്തു

ആലുവയിൽ ആറു വയസ്സുകാരിയെ മദ്യം കുടിപ്പിച്ചെന്ന പരാതിയിൽ ആലുവ എടത്തല പൊലീസ് കേസ് രജിസ്റ്റർ ചെയ്ത് നടപടി ആരംഭിച്ചു. സംഭവത്തെക്കുറിച്ച് പരാതി നൽകി നാലു മാസമായിട്ടും പൊലീസ് നടപടി സ്വീകരിച്ചില്ലെന്ന ആക്ഷേപത്തെത്തുടർന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർമാൻ കെ.വി മനോജ്കുമാർ, അംഗം കെ. നസീർ എന്നിവർ ചേർന്ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ആലുവ എടത്തല പൊലീസ് കേസെടുത്തത്.

ഭർത്താവിന്റെ സഹോദരി മകൾക്ക് മദ്യം ഗ്ലാസിൽ പകർന്നു നൽകുകയും കുടിപ്പിക്കുകയും ചെയ്തതായുള്ള പരാതി പൊലീസ് പരിഗണിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ആവലാതിക്കാരി കമ്മീഷനെ സമീപിച്ചത്. കുട്ടിക്ക് മദ്യം നൽകിയതായുള്ള ആരോപണം ഗുരുതരമായ കുറ്റകൃത്യമാണെന്നും ബാലനീതി നിയമം പ്രകാരം ശിക്ഷാർഹവുമാണെന്നും കമ്മീഷൻ നിരീക്ഷിച്ചു. ബാലനീതി നിയമത്തിലെ 77-ാം വകുപ്പ് ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഏഴു വർഷം വരെ തടവുശിക്ഷയും ഒരു ലക്ഷം രൂപ വരെ പിഴയും ചുമത്താവുന്ന കുറ്റമാണിത്.

അതേസമയം, കുട്ടിക്ക് മദ്യം കൊടുത്ത കേസിൽ മൊഴിയെടുക്കാൻ എത്തിയ ആലുവ എടത്തല പൊലീസ് മുൻപ് രജിസ്റ്റർ ചെയ്ത പോക്സോ കേസിൽ വീണ്ടും ചോദ്യം ചെയ്യുകയായിരുന്നെന്ന് കുട്ടിയുടെ അമ്മ കമ്മീഷന് പുതിയ പരാതി നൽകി. പോക്സോ കേസന്വേഷണം ജില്ല പൊലീസ് മേധാവി എടത്തല പൊലീസിൽ നിന്ന് മാറ്റിയ ശേഷവും ആ ഉത്തരവ് ലംഘിച്ച് അവർ കുട്ടിയെയും കുടുംബത്തെയും അപമാനിക്കുന്ന വിധത്തിൽ പെരുമാറിയെന്നാണ് പരാതി. നാട്ടുകാരും അയൽക്കാരും കേൾക്കെ പരസ്യമായാണ് കുട്ടിയെ ചോദ്യം ചെയ്തതെന്നും പറയുന്നു. കുട്ടിയെ പൊലീസും മറ്റ് ഉദ്യോഗസ്ഥരും മാറിമാറി പത്തിലധികം തവണ ചോദ്യം ചെയ്യുകയും മൊഴിയെടുക്കുകയും ചെയ്തെന്ന പരാതി ഗൗരവമായ ഇടപെടൽ ആവശ്യപ്പെടുന്നതായി കമ്മീഷൻ നിരീക്ഷിച്ചു. ജില്ല റൂറൽ പൊലീസ് കമ്മീഷണർ, എടത്തല എസ്.എച്ച്.ഒ എന്നിവർ അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടു.

**(കേസ് നമ്പർ: 4511 / സി 1 / 2020, തീയതി 25.08.2020)**

# കൂട്ടമാനഭംഗക്കേസിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ റിപ്പോർട്ട് തേടി

എറണാകുളം ഏലൂരിൽ പ്രണയം നടിച്ച് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ കൂട്ടമാനഭംഗത്തിന് വിധേയയാക്കിയ കേസിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർമാൻ കെ.വി മനോജ്കുമാർ റിപ്പോർട്ട് ആവശ്യപ്പെട്ടു. അതിഥി തൊഴിലാളികളായ മൂന്ന് പേരെ കേസിൽ പൊലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികളായ മറ്റു മൂന്നു പേർ ഒളിവിലാണെന്നാണ് വിവരം. ജില്ല ശിശു സംരക്ഷണ ഓഫീസർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജില്ല റൂറൽ പൊലീസ് കമ്മീഷണർ, ഏലൂർ എസ്.എച്ച്.ഒ എന്നിവർ അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

(കേസ് നമ്പർ: 4512 / സി 1 / 2020, തീയതി 25.08.2020)